# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 101 | 26.02.2018-ൽ മറുപടിയ്ക്ക്

## ലോക കേരള സഭയുടെ ഭാവി സാധ്യതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ലോക കേരള സഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) ലോകമെമ്പാടുമുള്ള കേരളീയരുടെ കഴിവും വൈദഗ്ധ്യവും ഉപയോഗപ്പെടുത്തി കേരളത്തിന്റെ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യ മേഖലകളിൽ കേരളത്തിന്റെ തനതു സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് വികസനം സാധ്യമാക്കാനാണുദ്ദേശിക്കുന്നത്. കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്നപോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്ക് വഹിക്കും. ലോക കേരളത്തിന്റെ നന്മയെ മുൻ നിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പൊതു സമ്മതമായ തീരുമാനങ്ങളിലേക്ക് എത്തുന്നതിനും ലോക കേരള സഭ അവസരമൊരുക്കും. കേരളത്തിന്റെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണ വ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അനുഭാവ പൂർണ്ണമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നതാണ്. |

(ബി) പ്രവാസികളുടെ അറിവും കഴിവും ഉപയോഗപ്പെടുത്തി വികസനത്തിന് കതിപ്പനൽകുന്നതിനായി ലോക കേരളസഭയിൽ ഊന്നൽ നൽകുന്ന മേഖലകൾ ഏതൊക്കെയാണ്;

(സി) പശ്ചാത്തല സൗകര്യങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നിട്ടുണ്ടോ ;

(ബി) & (സി) പ്രവാസികളുടെ അറിവും കഴിവും ഉപയോഗപ്പെടുത്തി വികസനത്തിന് ഊന്നൽ നല്കുന്നതിന് ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.
- പുതിയ കാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം- ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നല്കും.
- കേരള വികസന നിധി രൂപീകരണം
- പ്രവാസി സംരക്ഷണ പദ്ധതി- രോഗബാധിതരാകുന്നവർക്കും അപകടത്തിൽപ്പെടുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കും സംരക്ഷണം നല്കാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ.
- പ്രവാസി സംരംഭകർക്കായി പ്രത്യേക വായ്പാ സൗകര്യങ്ങളും ഏക ജാലക സംവിധാനവും വികസിപ്പിക്കുക.
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം.
- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ.
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.

- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

(ഡി) ലോക കേരള സഭയുടെ ഭാവി സാധ്യതകൾ എന്തൊക്കെയാണെന്നും ഏത് രീതിയിൽ അതൊരു സ്ഥിരം സംവിധാനം ആകുമെന്നും വ്യക്തമാക്കാമോ ?

(ഡി) പ്രവാസ ലോകം അനുദിനം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ്. കൂടാതെ വളരെ ക്രിയാത്മകമായ പുരോഗമനങ്ങൾക്കും പുതിയ കണ്ടുപിടിത്തങ്ങൾക്കും പുതിയ വാണിജ്യ വ്യവസായ രീതികൾക്കും ലോകം സാക്ഷിയാകുന്നു. ആയതിനാൽ തന്നെ ലോകമെമ്പാടുമുള്ള പ്രശസ്തരായ പ്രവാസികളുടെ സാന്നിധ്യം മേൽ സൂചിപ്പിച്ച മുന്നേറ്റങ്ങൾ കേരളത്തിന്റെ തനതു സാഹചര്യങ്ങൾക്കനുസൃതമാക്കി മാറ്റി കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വാണിജ്യ മേഖലകളിൽ ശ്രദ്ധേയമാറ്റങ്ങൾ ഉണ്ടാക്കാനാകും. വിവിധ വിഷയങ്ങളിലുള്ള സ്ഥിരം സ്റ്റാൻഡിംഗ് കമ്മിറ്റികളും ലോക കേരള സഭയുടെ ഭാഗമായി ഉണ്ടായിരിക്കും, എന്നതിനാൽ വിഷയ സംബന്ധമായ ചർച്ചകളും മറ്റ് തുടർ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടക്കുന്നതായിരിക്കും. കൂടാതെ ലോക കേരള സഭയ്ക്കായി ഒരു സ്ഥിരം സെക്രട്ടേറിയറ്റ് സംവിധാനം രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ